കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പാവറട്ടി ഗ്രാമപഞ്ചായത്ത്

2016-17

# ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
Email: dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ. (പി5)1389/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ.
PIN – 680020
തീയതി: 4.10.2017
ഫോൺ നം. 0487 2331249
e-mail: dotsr.ksad@kerala.gov.in

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പാവറട്ടി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പാവറട്ടി ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാവറട്ടി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-2, 2-3, 2-6 ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ 3-2, 3-9, 3-10 ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം. കെ.എസ്.എ.ടി.എസ്.ആർ. (പി5)1389/2017 തിയ്യതി: 04.10.2017

## തൃശ്ശൂർ ജില്ലയിലെ പാവറട്ടി ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ പാവറട്ടി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.7.16 മുതൽ 31.3.17 തിയ്യതി വരെ

വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് 2016-17 വർഷത്തിൽ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 23 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. കെ.യു.ചേക്കുട്ടി<br>ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 9.08.17 മുതൽ 17.08.17 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. വി.ജി.തുളസീദാസ് | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീമതി.ഹണി.കെ.എസ് | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. ഷൈനി കൃഷ്ണദാസ് | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ജോമോൻ.ഇ.കെ | അസി.ഓഡിറ്റ് ഓഫീസർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. കാദർമോൻ .എൻ.പി | 01.04.16 മുതൽ 31.03.17 വരെ |
| സെക്രട്ടറി | ശ്രീ. കൃഷ്ണൻകുട്ടി. ഇ.കെ | 01.04.16 മുതൽ 26.04.16 വരെ |
| | ശ്രീ. ആർ. ശ്യാംകുമാരൻ (സെക്രട്ടറി ഇൻ ചാർജ്ജ്) | 27.04.16 മുതൽ 16.05.16 വരെ |

| | | |
|---|---|---|
| | ശ്രീ. കൃഷ്ണൻകുട്ടി. ഇ.കെ | 17.05.16 മുതൽ 02.10.16 വരെ |
| | ശ്രീ. പി.പി. സലാഹുദ്ദീൻ (സെക്രട്ടറി ഇൻ ചാർജ്ജ്) | 03.10.16 മുതൽ 30.10.16 FN വരെ |
| | ശ്രീ. കൃഷ്ണൻകുട്ടി. ഇ.കെ | 30.10.16 മുതൽ 31.03.17 വരെ |

<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ബിന്ദു.കെ | 01.04.16 മുതൽ 31.03.17 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ഡോ. ആസിഫ് | 01.04.16 മുതൽ 18.07.16 വരെ |
| | ഡോ. സ്മിന | 19.07.16 മുതൽ 16.08.16 വരെ |
| | ഡോ. ഷീല വാസു. | 17.08.16 മുതൽ 31.03.17 വരെ |
| മെഡിക്കൽ ഓഫീസർ , ആയുർവ്വേദം | ഡോ. ഉമ.കെ.ശങ്കർ | 01.04.16 മുതൽ 31.03.17 വരെ |
| വി.ഇ.ഒ. (വെന്മേനാട്) | അജിത്ത് രാജ്കുമാർ | 01.04.16 മുതൽ 31.03.17 വരെ |
| വി.ഇ.ഒ. (പാവറട്ടി) | സ്മിത.എം.എ | 01.04.16 മുതൽ 31.03.17 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | പ്രേമ.പി.വി | 01.04.16 മുതൽ 31.03.17 വരെ |
| വെറ്ററിനറി സർജൻ | ഡോ.ഫ്രാൻസിസ്.പി.എ | 01.04.16 മുതൽ 30.09.16 വരെ |
| | ഡോ.രാഗേഷ്.പി.ഡി | 01.10.16 മുതൽ 31.03.17 വരെ |
| അസി.സെക്രട്ടറി | ആർ. ശ്യാംകുമാരൻ | 01.04.16 മുതൽ 16.08.16 വരെ |
| | ഒഴിവ് | 17.08.16 മുതൽ 21.08.16 വരെ |
| | പി.പി. സലാഹുദ്ദീൻ | 22.8.16 മുതൽ 31.03.17 വരെ |
| പ്രധാനാദ്ധ്യാപകൻ | അന്നമ്മ. സി.എൽ | 01.04.16 മുതൽ 31.03.17 വരെ |
| അസി.എഞ്ചിനീയർ | ബാബു.കെ.പോൾ | 01.04.16 മുതൽ 31.03.17 വരെ |

## ഉള്ളടക്കം



| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1.1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1.2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1.3 |
| 4 | സാമ്പത്തിക വിശകലനം | 1.4 |
| 5 | ഫണ്ട് വിനിയോഗം | 1.5 |
| 6 | പദ്ധതി അവലോകനം. | 1.6 |
| 7 | തനത് വരുമാനം. | 1.7 |
| 8 | ക്ഷേമപദ്ധതികൾ | 1.8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1.9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1.10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1.11 |
| | ഭാഗം 2 | |
| 12 | ഡി&ഒ ലൈസൻസ് അനുബന്ധ രേഖകൾ സമർപ്പിക്കുന്നില്ല | 2-1 |
| 13 | മൽസ്യ മാർക്കറ്റ് / ഷോപ്പിംഗ് കോപ്ലക്സ് വാടക കുടിശ്ശിക-പിരിച്ചെടുക്കണം | 2-2 |
| 14 | വാടക- മത്സ്യമാർക്കറ്റ്, ഷോപ്പിംഗ് കോംപ്ലക്സ് ബൈലോ തയ്യാറാക്കി അംഗീകാരം നേടിയില്ല. | 2-3 |
| 15 | തൊഴിൽ നികുതി | 2-4 |
| 16 | പരസ്യനികുതി ഈടാക്കുന്നില്ല | 2-5 |
| 17 | നിർജ്ജീവഅക്കൗണ്ടുകൾ അവസാനിപ്പിക്കേണ്ടതാണ് | 2-6 |
| 18 | വസ്തുനികുതി കുടിശ്ശിക – താമസംവിനാ പിരിച്ചെടുക്കേണ്ടതാണ്. | 2-7 |
| 19 | ടെണ്ടർ ഫോം വില 16300/- രൂപ ലഭിച്ചിട്ടില്ല. | 2-8 |
| 20 | ബിൽഡിംഗ് പെർമിറ്റ് അപാകതകൾ | 2-9 |
| | ഭാഗം 3 | |
| 21 | ആദായനികുതി ഈടാക്കിയിട്ടില്ല | 3-1 |

| | | |
|---|---|---|
| 22 | വാഹനത്തിന് ടയർ വാങ്ങൽ -- ബൈബാക്ക് ഓഫർ ഉപയോഗപ്പെടുത്തിയില്ല | 3-2 |
| 23 | വാഹനപരിപാലനം അപാകതകൾ | 3-3 |
| 24 | പൊതുടാപ്പുകൾ സംയുക്തപരിശോധന നടത്തിയിട്ടില്ല | 3-4 |
| 25 | കുടിവെള്ളപദ്ധതികൾ ഗുണഭോക്തൃസമിതികളെ ഏൽപ്പിച്ചിട്ടില്ല | 3-5 |
| 26 | ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല-- 263984 രൂപ തടസ്സപ്പെടുത്തുന്നു | 3-6 |
| 27 | മരുന്ന് യഥാസമയം ലഭ്യമാകുന്നില്ല | 3-7 |
| 28 | മരുന്ന് ലഭ്യമായിട്ടില്ല. | 3-8 |
| 29 | ആശ്രയ പദ്ധതി | 3-9 |
| 30 | ജില്ലാ പഞ്ചായത്ത് വിഹിതം ചെലവഴിച്ചില്ല. | 3-10 |
| 31 | എസ്.സി ഭവന നിർമ്മാണം - ഭവന നിർമ്മാണം നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല | 3-11 |
| 32 | പൈപ്പ് കമ്പോസ്റ്റ് -പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല | 3-12 |
| 33 | പോർട്ടബിൾ ബയോഗ്യാസ് നിർമ്മാണം - പൂർണ്ണലക്ഷ്യം കൈവരിച്ചില്ല. പിരിച്ചെടുത്ത ഗുണഭോക്തൃ വിഹിതം തിരികെ നൽകിയില്ല. | 3-13 |
| 34 | മരുതയൂർ തീരദേശ റോഡ് നിർമ്മാണം- അധിക നിരക്ക് നല്കി | 3-14 |
| 35 | ബിറ്റുമിൻ, എമൽഷൻ എന്നിവ വാങ്ങിയത്- 59665/- രൂപ തിരികെ ലഭിക്കേണ്ടതുണ്ട് | 3-15 |
| 36 | ലാന്റ് അക്വിസിഷന് അധികമായി അടവാക്കിയ 1,14,495/- രൂപ തിരികെ ലഭിക്കാനുള്ള നടപടികൾ സ്വീകരിച്ചില്ല | 3-16 |
| 37 | വിനിയോഗ വിവരം ലഭ്യമാക്കിയില്ല- 11,71,260/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 3-17 |
| 38 | കമ്പ്യൂട്ടറുകളുടെ എ.എം.സി.- ആദായനികുതി ഈടാക്കിയില്ല | 3-18 |
| 39 | തെരുവ് വിളക്കുകൾക്ക് ഉപകരണങ്ങൾ വാങ്ങൽ - സാധനങ്ങൾ കൈപ്പറ്റിയതിന്റെ വിവരം, സ്ഥാപിച്ചതിന്റെ വിവരം എന്നിവയില്ല | 3-19 |
| 40 | പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ വേണ്ടത്ര ശ്രദ്ധ പുലർത്തുന്നില്ല | 3-20 |

| | | |
|---|---|---|
| 41 | കുടുംബശ്രീ പരിശീലനകേന്ദ്രം ഉപയോഗപ്പെടുത്തുന്നില്ല. | 3-21 |
| 42 | ആർ.ഡി.ഒ. യുടെ അനുമതി ലഭിക്കുന്നതിനു മുൻപ് ആസ്തികൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തി മുതൽമുടക്കുന്നു | 3-22 |
| | ഭാഗം 4 | |
| 43 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4.1 |
| 44 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4.2 |
| 45 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4.3 |
| 46 | വായ്പ/ വായ്പ തിരിച്ചടവ് | 4.4 |
| 47 | സ്ഥിരനിക്ഷേപങ്ങൾ | 4.5 |
| 48 | ഓഡിറ്റ് റിക്കവറി | 4.6 |
| 49 | ഓഡിറ്റ് പ്രത്യവലോകനം | 4.7 |
| 50 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4.8 |
| | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ 10.3.16 തിയ്യതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച ബജറ്റ് 9.3.17ലെ 12-ാം നമ്പർ തീരുമാനപ്രകാരം റിവൈസ് ചെയ്തിട്ടുണ്ട്. റിവൈസ്ഡ് ബജറ്റ് പ്രകാരം പ്രതീക്ഷിത വരവ് 98030702 രൂപയും ചെലവ് 96255153 രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31/07/17 | 27.7.17 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

വാർഷിക കണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. നാളിതുവരെയുള്ള ആസ്തി ബാധ്യതകൾ തിട്ടപ്പെടുത്തി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. വസ്തു നികുതി ഡി.സി.ബി. വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.
സാംഖ്യ-സഞ്ചയ മാപ്പിംഗ് നടത്തിയത് പൂർണ്ണമായിട്ടില്ല.

2016-17ലെ ഓഡിറ്റ് സർട്ടിഫിക്കറ്റ്, വാർഷിക കണക്കിലെ ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ബാലൻസ് ഷീറ്റ് എന്നിവ അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 10357683.21 |
| വരവ് | 34659459.00 |
| ആകെ | 45017142.21 |
| ചെലവ് | 31350889.00 |
| നീക്കിയിരിപ്പ് | 13666253.21 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷത്തെ അലോട്ട്മെന്റ് പ്രകാരമുള്ള വരവ് | ആകെ | ചെലവ് | ചെലവ് ശതമാനം | സഞ്ചിത നിധിയിലേക്ക് തിരികെ പോയ തുക |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 7859611 | 7859611 | 5402686 | 68.74 | 2456925 |
| വികസനഫണ്ട് എസ്.സി.പി. | 0 | 5199075 | 5199075 | 2975230 | 57.23 | 2223845 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 127743 | 127743 | 127743 | 100 | 0 |
| സംരക്ഷണ ഗ്രാന്റ് – റോഡ് | 0 | 5676618 | 5676618 | 1645245 | 28.98 | 4031373 |
| സംരക്ഷണഗ്രാന്റ് നോൺ-റോഡ് | 0 | 2554755 | 2554755 | 1462245 | 57.24 | 1092510 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 4407771 | 4407771 | 1142451 | 25.92 | 3265320 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 2334476 | 2334476 | 1321795 | 56.62 | 1012681 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 126 | 42923934 | 87 | 17803293 | 13 | 26 | 69.05 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 24.74 % വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 4325060 | 7619615 | 3294555 | (+)76.17% |
| നികുതിയേതര വരവുകൾ | 2691061 | 2192238 | -498823 | (-)18.53% |
| മറ്റുവരവുകൾ | 6365080 | 6880668 | 515588 | (+)8.1% |
| ആകെ | 13381201 | 16692521 | 3311320 | (+)24.74% |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 100560 | 63 |
| കർഷക തൊഴിലാളി പെൻഷൻ | 645930 | 91 |
| വിധവാപെൻഷൻ | 7641720 | 779 |
| വാർദ്ധക്യകാല പെൻഷൻ | 15457440 | 1488 |
| വികലാംഗ പെൻഷൻ | 1848685 | 223 |
| 50 വയസ്സിനുമുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 646990 | 79 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 90000 | 3 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന തിയതിയിൽ 3.30 പി.എം.ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 20721 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു. ഇക ക്യാഷ് ബുക്ക്, ഡേ ബുക്ക് എന്നിവയുമായി പൊരുത്തപ്പെടുന്നുണ്ട്.

## 1-10 ആഭ്യന്തര നിയന്ത്രണം.

1)ഓഫീസ് ഓർഡർ പ്രകാരം ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമാണ്.

2) പഞ്ചായത്തിൽ സൂക്ഷിക്കേണ്ടതായ പ്രധാന രജിസ്റ്ററുകളായ ക്യാഷ് ബുക്ക്, ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവയെല്ലാം സൂക്ഷിക്കുന്നുണ്ട്. ഇൻകുമ്പൻസി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും നിർവ്വഹണ ഉദ്യോഗസ്ഥരുടെ വിവരങ്ങൾ കൂടി ചേർത്ത് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21.6.2017 മുതൽ 22.06.2017 വരെ | 2017 ജൂൺ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20.12.2010 മുതൽ 01.01.2011 വരെ | 2005-06 മുതൽ 2009-10 വരെ | 3.2.2011 |

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഡി&ഒ ലൈസൻസ് അനുബന്ധ രേഖകൾ സമർപ്പിക്കുന്നില്ല

ഡി&ഒ ലൈസൻസ് ലഭിക്കുന്നതിനും, പുതുക്കുന്നതിനുമായി സമർപ്പിക്കപ്പെടുന്ന അപേക്ഷകളിൽ നിർബന്ധമായും ഉൾപ്പെടുത്തേണ്ട താഴെ പറയുന്ന സാക്ഷ്യപത്രങ്ങൾ മുഴുവൻ ലഭ്യമാക്കുന്നില്ല.

1. കേരള സംസ്ഥാന ആരോഗ്യ വകുപ്പിന്റെ സാനിറ്ററി സർട്ടിഫിക്കറ്റ്

2. നിയമ വിരുദ്ധമായ സാധനങ്ങളുടെ വില്പന നടത്തുന്നില്ലായെന്ന സാക്ഷ്യപത്രം.

3. മലിനീകരണ നിയന്ത്രണ ബോർഡിന്റെ സാക്ഷ്യപത്രം.

4. ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ സാക്ഷ്യപത്രം.

ബന്ധപ്പെട്ട വകുപ്പുകളിൽ നിന്ന് സാക്ഷ്യപത്രങ്ങൾ ലഭ്യമാകുന്നതിന് താമസം നേരിടുന്നുണ്ടെങ്കിൽ അപേക്ഷ നൽകിയതിന്റെ വിവരങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്. മേൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളിൽ പരാതിയോ വിവരാവകാശമോ ഉണ്ടാകുകയാണെങ്കിൽ രേഖകൾ ഹാജരാക്കുന്നതിന് ബുദ്ധിമുട്ട് ഉണ്ടാകാൻ സാദ്ധ്യതയുണ്ട്. നിയമപരമായ പൂർത്തീകരണത്തോടെ മാത്രമെ ലൈസൻസ് അനുവദിക്കേണ്ടതുള്ളൂ. ഉത്തരവാദപ്പെട്ടവരുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 2-2 മൽസ്യ മാർക്കറ്റ് / ഷോപ്പിംഗ് കോപ്ലക്സ് വാടക കുടിശ്ശിക-പിരിച്ചെടുക്കണം

വാടക രജിസ്റ്റർ പരിശോധിച്ചതിൽ മൽസ്യ മാർക്കറ്റ് വാടകക്കാരിൽ നിന്ന് താഴെ പറയുന്ന തുകകൾ കുടിശ്ശികയായതായി കാണുന്നു.

| ക്രമ നം. | റൂം നമ്പർ | പേര് | മാസവാടക | കുടിശ്ശിക |
|---|---|---|---|---|
| 1 | 2/255-ഡി-1 | നൗഷജ ഷെക്കീർ | 17100 | 85500 |
| 2 | 2/255-ഡി-5 | ഗോപിനാഥ് | 5300 | 47700 |
| 3 | 2-255-ഡി-6 | സുബ്രമണ്യൻ | 5460 | 27300 |
| 4 | 2-255-ഇ-1 | മുഹമ്മദ് അൻസൽ | 1750 | 9100 |
| 5 | 2-255-ഇ-2 | നൗഷജ ഷെക്കീർ | 1650 | 5250 |
| ആകെ | | | | 174850 |

കൂടാതെ ഷോപ്പിംഗ് കോംപ്ലക്സിൽ നിന്ന് 2016-17 വർഷത്തിൽ വാടകയിനത്തിൽ 483852രൂപ ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിലും തൻവർഷത്തിൽ ഒരു രൂപ പോലും അടവാക്കിയിട്ടില്ലാത്തതായി കാണുന്നു. ടി കാര്യത്തിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ കെട്ടിടം ഒഴിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന വ്യവഹാരങ്ങളിൽ ലഭിച്ച നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ വാടക പിരിച്ചിട്ടില്ലായെന്നറിയിച്ചിട്ടുണ്ട്. നിയമപരമായി വാടക കരാർ നിലനിൽക്കുന്നിടത്തോളം കാലം വാടക ഈടാക്കുന്നത് പഞ്ചായത്തിന്റെ ചുമതലയാണ്. കുടിശ്ശിക എത്രയും വേഗം പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 വാടക - മത്സ്യമാർക്കറ്റ്, ഷോപ്പിംഗ് കോംപ്ലക്സ് ബൈലോ തയ്യാറാക്കി അംഗീകാരം നേടിയില്ല.

പാവറട്ടി പഞ്ചായത്തിൽ വർഷങ്ങളായി ഷോപ്പിംഗ് കോംപ്ലക്സ്, മത്സ്യമാർക്കറ്റ് എന്നിവ പ്രവർത്തിച്ചു വരുന്നു. മത്സ്യമാർക്കറ്റിനായി ബൈലോ തയ്യാറാക്കി പഞ്ചായത്ത് ഡയറക്ടർക്ക് സമർപ്പിച്ചെങ്കിലും ന്യൂനതകൾ പറഞ്ഞ് മടക്കുകയായിരുന്നു. പഞ്ചായത്ത് കമ്മറ്റിയുടെ 27/6/16 ലെ തീരുമാനം നമ്പർ V പ്രകാരം അപാകതകൾ പരിഹരിച്ച് അംഗീകാരത്തിനായി വീണ്ടും സമർപ്പിക്കാൻ തീരുമാനിച്ചിരുന്നു. എന്നാൽ നാളിതുവരെയായി അപാകതകൾ പരിഹരിച്ച് സമർപ്പിച്ചതായി കാണുന്നില്ല. ബൈലോയുടെ അഭാവത്തിൽ വാടക ഈടാക്കുന്ന രീതി, കൃത്യത, അഡ്വാൻസ്, ഡെപ്പോസിറ്റ് എന്നിവ ഈടാക്കുന്നതിന്റെ നിയമപരമായ സാധുത ചോദ്യംചെയ്യപ്പെടാവുന്നതാണ്. ആയതിനാൽ അപാകതകൾ പരിഹരിച്ച് കൃത്യമായി ബൈലോ തയ്യാറാക്കി അംഗീകാരം ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതിലെ കാലതാമസം വ്യക്തിപരമായ വീഴ്ചയായും കൃത്യനിർവ്വഹണത്തിലെ വീഴ്ചയായും കാണാവുന്നതാണ്.

## 2-4 തൊഴിൽ നികുതി

സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നുള്ള തൊഴിൽ നികുതിയും സ്ഥാപന തൊഴിൽ നികുതിയും ഈടാക്കാത്തതു സംബന്ധിച്ചും, ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്നു ഈടാക്കിയതിന്റെയും (എൻക്വയറി നം. 6/12.8.17) വിവരങ്ങൾ ചുവടെ ചേർക്കുന്നു

1. ജീവനക്കാരിൽ നിന്നുള്ള തൊഴിൽ നികുതി

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം | റിമാർക്സ് |
|---|---|---|---|
| 1 | സോഷ്യൽ ട്രേഡേഴ്സ്, പാവറട്ടി | രണ്ടാം അർദ്ധവർഷം | എൻക്വയറി നൽകിയതിനെ തുടർന്ന് ഈടാക്കിയിട്ടുണ്ടെങ്കിലും രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. |
| 2 | സിറ്റി ട്രേഡേഴ്സ്, പാവറട്ടി | രണ്ടാം അർദ്ധവർഷം | ഈടാക്കിയിട്ടില്ല. |
| 3 | സി.ഡി. സ്റ്റോഴ്സ് | രണ്ടാം അർദ്ധവർഷം | എൻക്വയറി നൽകിയതിനെ തുടർന്ന് ഈടാക്കിയിട്ടുണ്ടെങ്കിലും രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. |
| 4 | പ്രോവിഡൻസ് ട്രേഡേഴ്സ് | ഒന്നാം അർദ്ധവർഷം | എൻക്വയറി നൽകിയതിനെ തുടർന്ന് ഈടാക്കിയിട്ടുണ്ടെങ്കിലും രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. |

2. സ്ഥാപന തൊഴിൽ നികുതി

താഴെപ്പറയുന്ന സ്ഥാപനങ്ങളുടെ സ്ഥാപനതൊഴിൽ നികുതി ഓഡിറ്റ് എൻക്വയറിയെ തുടർന്ന് ഈടാക്കിയതിന്റെയും ഈടാക്കാത്തതിന്റെയും വിവരങ്ങൾ

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം | റിമാർക്സ് |
|---|---|---|---|
| 1 | ബി.എസ്.എൻ.എൽ., പുവത്തൂർ | ഒന്നും രണ്ടും അർദ്ധവർഷം | ഈടാക്കിയിട്ടില്ല |
| 2 | കാനറാ ബാങ്ക്, പാവറട്ടി | ഒന്നും രണ്ടും അർദ്ധവർഷം | എൻക്വയറി നൽകിയതിനെ തുടർന്ന് ഈടാക്കിയിട്ടുണ്ടെങ്കിലും |

| | | | |
|---|---|---|---|
| | | | രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. |
| 3 | തൃശ്ശൂർ ജില്ലാ കോ ഓപ്പറേറ്റീവ് ബാങ്ക് | രണ്ടാം അർദ്ധവർഷം | എൻക്വയറി നൽകിയതിനെ തുടർന്ന് ഈടാക്കിയിട്ടുണ്ടെങ്കിലും രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. |
| 4 | സാൻ ജോസ് പാരിഷ് ഹോസ്പിറ്റൽ | ഒന്നാം അർദ്ധവർഷം | ഈടാക്കിയിട്ടില്ല |
| 5 | ജെ.ജെ. ഫിനാൻസ്, പാവറട്ടി | ഒന്നാം അർദ്ധവർഷം | എൻക്വയറി നൽകിയതിനെ തുടർന്ന് ഈടാക്കിയിട്ടുണ്ടെങ്കിലും രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. |
| 6 | സോഷ്യൽ ട്രേഡേഴ്സ്, പാവറട്ടി | രണ്ടാം അർദ്ധവർഷം | എൻക്വയറി നൽകിയതിനെ തുടർന്ന് ഈടാക്കിയിട്ടുണ്ടെങ്കിലും രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. |
| 7 | സാൻജോ ചിറ്റ്സ് (പ്രൈ) ലിമിറ്റഡ് | രണ്ടാം അർദ്ധവർഷം | ഈടാക്കിയിട്ടില്ല. |

3.ഡി ആന്റ് ഒ ലൈസൻസ് എടുത്ത ട്രേഡേഴ്സിൽ നിന്നും ഒന്നും രണ്ടും അർദ്ധവർഷത്തെ തൊഴിൽ നികുതി ഓഡിറ്റ് എൻക്വയറിയെ തുടർന്ന് ഈടാക്കിയതിന്റെയും ഈടാക്കാത്തതിന്റെയും വിവരങ്ങൾ

| ഡി ആന്റ് ഒ ലൈസൻസ് നം | സ്ഥാപനം/ സ്ഥാപന ഉടമ | റിമാർക്സ് |
|---|---|---|
| 192/16-17 | അമ്പാടി സ്റ്റോഴ്സ് പുഷ്പാംഗദൻ, | എൻക്വയറി നൽകിയതിനെ തുടർന്ന് |

| | | |
|---|---|---|
| | അമ്പാടി (H), മരുതയൂർ | ഈടാക്കിയിട്ടുണ്ടെങ്കിലും രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. |
| 203/16-17 | ബെൻസർ കളക്ഷൻസ്<br>സഫിയ, പുഴങ്ങരയില്ലത്ത്, തൊയക്കാവ് | ഈടാക്കിയിട്ടില്ല |
| 285/16-17 | ബേക്കറി ആന്റ് ഫ്രൂട്ട്സ്<br>ഐ.കെ.സുരേന്ദ്രൻ, ഇത്തിപ്പറമ്പിൽ, പൂവ്വത്തൂർ | എൻക്വയറി നൽകിയതിനെ തുടർന്ന് ഈടാക്കിയിട്ടുണ്ടെങ്കിലും രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. |
| 338/16-17 | ഫ്ലവർമിൽ<br>റീത്ത ആന്റണി, കുറ്റിക്കാട്ട് , പാവറട്ടി | എൻക്വയറി നൽകിയതിനെ തുടർന്ന് ഈടാക്കിയിട്ടുണ്ടെങ്കിലും രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. |
| 350/16-17 | മൊസൈക്ക്, ചിപ്പ്, പൗഡർ എന്നിവയുടെ സ്റ്റോക്കും വില്പനയും<br>റീത്ത ആന്റണി, കുറ്റിക്കാട്ട് , പാവറട്ടി | എൻക്വയറി നൽകിയതിനെ തുടർന്ന് ഈടാക്കിയിട്ടുണ്ടെങ്കിലും രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. |
| 352/16-17 | റെഡിമെയ്ഡ് തുണിത്തരം<br>കെ.കെ.മൂസ , കറപ്പംവീട്ടിൽ, വെങ്കിടങ്ങ് | ഈടാക്കിയിട്ടില്ല |
| 353/16-17 | സ്റ്റേഷനറി, കൂൾഡ്രിംഗ്സ്<br>സുഭാഷ്. എൻ.ജി., നമ്പാത്ത്, പാവറട്ടി | എൻക്വയറി നൽകിയതിനെ തുടർന്ന് ഈടാക്കിയിട്ടുണ്ടെങ്കിലും രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. |

| | | |
|---|---|---|
| 355/16-17 | ലെതർ ഷോപ്പ്<br><br>മോഹനൻ, കൊലന്താട്ടിൽ, നമ്പഴിക്കാട് | എൻക്വയറി നൽകിയതിനെ തുടർന്ന് ഈടാക്കിയിട്ടുണ്ടെങ്കിലും രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. |

4. പഞ്ചായത്തിൽ താത്ക്കാലിക ഡ്രൈവർ തസ്തികയിൽ ജോലി ചെയ്യുന്ന വ്യക്തിയിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ടിയാന്റെ അർദ്ധവാർഷിക വരുമാന പത്രിക തയ്യാറാക്കി വരുമാനത്തിന് ആനുപാതികമായ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്

ജീവനക്കാരുടെയും സ്ഥാപനങ്ങളുടെയും തൊഴിൽ നികുതി ഈടാക്കിയ സംഗതിയിൽ രശീതുകളും രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തി ആയതും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതും, നികുതി ഈടാക്കാത്ത സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരിൽ നിന്നും നികുതി ഈടാക്കി ആ വിവരവും ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-5 പരസ്യനികുതി ഈടാക്കുന്നില്ല.

കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 209 പ്രകാരം പഞ്ചായത്ത് പരിധിയിലെ ഭൂമിയിലോ, കെട്ടിടത്തിലോ പ്രദർശിപ്പിച്ചിട്ടുള്ള പരസ്യത്തിന് നികുതി ഈടാക്കാവുന്നതാണ്. ഭരണസമിതിയുടെ 28/5/16 ലെ 23(1) തീരുമാനപ്രകാരം കരട് ബൈലോ അംഗീകരിച്ചിട്ടുണ്ട്. എന്നാൽ ബൈലോക്ക് സർക്കാർ അംഗീകാരം വാങ്ങിയിട്ടില്ല. ധാരാളം പരസ്യങ്ങൾ പഞ്ചായത്ത് അതിർത്തിയിൽ പ്രദർശിപ്പിച്ചിട്ടുണ്ടെങ്കിലും നികുതി ഈടാക്കിയിട്ടില്ല. ബൈലോ അംഗീകാരം ലഭ്യമാക്കി നികുതി ഈടാക്കേണ്ടതാണ്.

## 2-6 നിർജ്ജീവഅക്കൗണ്ടുകൾ അവസാനിപ്പിക്കേണ്ടതാണ്

പഞ്ചായത്തിലെ പല അക്കൗണ്ടുകളിലും നിലവിൽ ഇടപാടുകൾ ഇല്ല. അത്തരം അക്കൗണ്ടുകൾ അവസാനിപ്പിക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1)ജില്ലാ സഹകരണബാങ്ക്, പാവറട്ടി ബ്രാഞ്ച്

അക്കൗണ്ട് നം.-- 3(10711049808)

20.12.12ന് ശേഷം ഇടപാടുകൾ ഇല്ല. 17.3.16ന് 167609 രൂപ ബാക്കിയുണ്ട്. തനതുഫണ്ട് നിക്ഷേപിക്കുന്നതിനുള്ള ഈ അക്കൗണ്ട് നിലവിൽ തനതുഫണ്ട് നിക്ഷേപിക്കുന്ന യൂണിയൻ ബാങ്ക് അക്കൗണ്ടിലേക്ക് (565102010013380) മാറ്റാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2)എസ് ബിടി, പാവറട്ടി

അക്കൗണ്ട് നം.-- 57031836162

വാർദ്ധക്യകാല പെൻഷൻ നൽകുന്നതിനായുള്ള അക്കൗണ്ടാണിത്. 30.1.16 ന് 65033 രൂപ ബാക്കിയുണ്ട്. തുക തിരിച്ചടച്ചിട്ടില്ല. ഇത് DEAF അക്കൗണ്ടാക്കി മാറ്റിയിട്ടുണ്ട്.

3)VPFA 1-2

വാർഷികകണക്കുകൾ പ്രകാരം 4901ബാക്കിയുണ്ട്. മറ്റ് ഇടപാടുകൾ ഇല്ല.

അക്കൗണ്ടുകൾ അവസാനിപ്പിച്ച് തുക മറ്റ് അക്കൗണ്ടുകളിലേക്ക് മാറ്റുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-7 വസ്തുനികുതി കുടിശ്ശിക – താമസംവിനാ പിരിച്ചെടുക്കേണ്ടതാണ്.

വാർഷികകണക്ക് പരിശോധിച്ചതിൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി -15 പ്രകാരം വസ്തുനികുതിയിനത്തിൽ 40,91,134 രൂപ കുടിശ്ശികയുള്ളതായികാണുന്നു ആയത് എത്രയും വേഗം പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. യഥാസമയം നടപടി സ്വീകരിക്കുന്നതിലെ വീഴ്ചമൂലം പഞ്ചായത്തിനു ലഭിക്കേണ്ട നികുതി കാലഹരണപ്പെടുന്നത് 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 243-ാം വകുപ്പിലെ 3-ാം ഉപവകുപ്പ് പ്രകാരം ബന്ധപ്പെട്ട ഉദ്യാഗസ്ഥരുടെ ബാദ്ധ്യതയാകുന്നതാണ്.

## 2-8 ടെണ്ടർ ഫോം വില 16300/- രൂപ ലഭിച്ചിട്ടില്ല.

2015-16,2016-17 വർഷങ്ങളിലായി ഇ-ടെണ്ടർ നടത്തിയ മരാമത്ത് പ്രവൃത്തികളിൽ കരാറുകാരൻ അടവാക്കിയ ടെണ്ടർ ഫോം വില ജില്ലാ പഞ്ചായത്ത് എക്സി. എഞ്ചിനീയറിൽനിന്ന് പഞ്ചായത്തിന് തിരികെ ലഭിക്കേണ്ടതുണ്ട്. 2015-16 ലെ 5 പ്രവൃത്തികളിൽനിന്നായി 10700/- രൂപയും 2016-17 ലെ 3 പ്രവൃത്തികളിൽനിന്നായി 5600/- രൂപയും ചേർത്ത് ആകെ 16300/- രൂപ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-9 ബിൽഡിംഗ് പെർമിറ്റ് അപാകതകൾ

1. അനധികൃത നിർമ്മാണം

ഫയൽ നം. എ2-88/16

പഞ്ചായത്ത് 8-ാം വാർഡിലെ ശ്രീ. ചന്ദ്രൻ, ചാലകത്ത് വീട്, വെമ്മേനാട് എന്നയാളുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിച്ച് റോഡിലേക്ക് കയറ്റി മതിൽ പണിയുന്നതറിഞ്ഞ് പഞ്ചായത്ത് സ്റ്റോപ്പ് മെമ്മോ (9.2.17) നൽകിയിരുന്നു. തുടർന്ന് പരിശോധന നടത്തി മതിൽ നിർമ്മാണം പൂർത്തീകരിച്ചതായി എൽ.എസ്.ജി.ഡി. ഓവർസിയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പഞ്ചായത്തിന്റെ അനുമതി വാങ്ങാതെയും, സ്റ്റോപ്പ് മെമ്മോ നൽകിയത് ലംഘിച്ചുമാണ് മതിൽ നിർമ്മിച്ചിരിക്കുന്നത്. ഇത് നിയമവിരുദ്ധമാകയാൽ അനധികൃതമായി നിർമ്മിച്ച മതിൽ പൊളിച്ചുകളയുകയോ നിയമാനുസൃതമായ ക്രമവത്കരണത്തിന് അപേക്ഷ നൽകുകയോ ചെയ്യേണ്ടതാണെന്ന് 31.3.17 ലെ മേൽ നമ്പർ കത്ത് പ്രകാരം അറിയിച്ചിരുന്നു. പിന്നീട് 12.7.17ൽ എ2-2236/17 പ്രകാരം പൊളിച്ചു നീക്കുന്നതിന് നോട്ടീസ് നൽകിയെങ്കിലും പൊളിച്ചു നീക്കിയിട്ടില്ലാത്തതാണ്. ക്രമവത്കരണത്തിന് അപേക്ഷ നൽകിയെങ്കിലും ആയതിൽ ഭൂമിയുടെ തരം നഞ്ച എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ആയതിനാൽ RDO ൽ നിന്നുള്ള അനുമതി ആവശ്യമാണെന്നും ആയത് ലഭ്യമാക്കേണ്ടതാണെന്നും അറിയിച്ചിട്ടുണ്ട്. അപ്രകാരം അനുമതി ലഭ്യമാക്കിയിട്ടില്ല. ഈ വിഷയത്തിന്മേൽ പഞ്ചായത്ത് തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2. ഫയൽ നം. എ2-2461/2016

ശ്രീ. കാസിം, രായംമരയ്ക്കാർ വീട്ടിൽ കണ്ണഞ്ചേരി, വെന്മേനാട് എന്നവരുടെ 52/7, 52/8 എന്നീ സർവ്വേ നമ്പറിൽ ഉൾപ്പെട്ട ഭൂമിയിൽ ഗ്രൗണ്ട് ഫ്ലോറിൽ 197.66 ച. മീ, ഫസ്റ്റ് ഫ്ലോറിൽ 146.88 ച.മീ വിസ്തീർണ്ണത്തിൽ വാണിജ്യ കെട്ടിടം നിർമ്മിക്കുന്നതിന് 9.7.14 ലെ എ2-72/14-15 നമ്പർ ആയി പെർമിറ്റ് നൽകിയിരുന്നു. നിലവിൽ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ള കെട്ടിടത്തിൽ ന്യൂനതകളുള്ളതായും, ന്യൂനതകളോടെ നിർമ്മാണം പൂർത്തീകരിച്ചത് ചട്ട ലംഘനമാണെന്നും ചട്ടങ്ങൾ ലംഘിച്ച് പണിത ഭാഗങ്ങൾ പൊളിച്ചുകളയണമെന്നും ടിയാനെ അറിയിച്ചിരുന്നു. പരാമർശിത ന്യൂനതകൾ ഒന്നൊഴികെ മറ്റുള്ളവ പരിഹരിക്കുകയും, റോഡ് അതിർത്തിയിൽ നിന്നും കെട്ടിടത്തിന്റെ മുൻഭാഗത്തെ ബാൽക്കണിയിലേക്ക് ചട്ട പ്രകാരം പാലിക്കേണ്ട 3 മീറ്റർ ദൂരം പാലിച്ചിട്ടില്ലാത്തതാണ് എന്ന അപാകത നിലനിൽക്കുന്നതുമാണ്. (2011 ലെ KPBR 27(3), 28(1)) റോഡിൽ നിന്നും നിയമാനുസൃതം പാലിക്കേണ്ട ദൂരം പാലിക്കാതെ കെട്ടിടം നിർമ്മിച്ച് ഉപയോഗിക്കുന്നത് ചട്ട ലംഘനമായതിനാൽ അതിനെതിരെ നടപടികൾ സ്വീകരിച്ച് ടി അനധികൃത നിർമ്മാണം പൊളിച്ചുമാറ്റേണ്ടത് പഞ്ചായത്തിന്റെ ചുമതലയാണ്. 10.4.17 ൽ അനധികൃത നിർമ്മാണം പൊളിച്ചു നീക്കിയതിനുശേഷം കെട്ടിടം ക്രമവത്കരിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുന്നതിനും ടിയാനോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ തുടർനടപടികളൊന്നും ഉണ്ടായതായി കാണുന്നില്ല. അനധികൃത നിർമ്മാണത്തിനെതിരെ പഞ്ചായത്ത് തുടർ നടപടികൾ സ്വീകരിച്ചതായും കാണുന്നില്ല. നിയമപ്രകാരമുള്ള തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3. ഫയൽ നം. എ2-2988/16

7-ാം വാർഡിലെ സർവ്വേ നം. 143/11-ാം സ്ഥലത്തിന്റെ ഉടമ ലിജോ പോൾ, ചിരിയൻകണ്ടത്ത് വീട്, പൂവ്വത്തൂർ, ടി സ്ഥലത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിരുദ്ധമായി കെട്ടിടം പണി നടത്തിയതിനാൽ ആയത് പൊളിച്ചുനീക്കുന്നതിന് കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011 വകുപ്പ് 20(3), 138 എന്നിവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പൊളിച്ചു നീക്കലിനെതിരെ ബഹു. കേരള ഹൈക്കോടതിയിൽ WP(C) No.21592/2016(Y) നമ്പർ ആയി കേസ് നിലവിലുണ്ട്. 2011 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം അനുവദനീയമായ അളവിലല്ല കെട്ടിടം പണി പൂർത്തീകരിച്ചിട്ടുള്ളത് എന്നും, ടി സ്ഥലത്തിന്റെ അതിരിലുള്ള കോഴിത്തോട് എന്ന തോടിന്റെ അതിരിൽ നിയമാനുസൃതം അകലം പാലിക്കാതെയും അതിരിലുള്ള നടപ്പുവഴി തടസ്സപ്പെടുത്തുന്ന വിധവും കാണുന്നു എന്നിങ്ങനെയുള്ള അപാകതകളും നിലനിൽക്കുന്നുണ്ട്. കോടതി വിധിയ്ക്ക് അനുസൃതമായി പഞ്ചായത്ത് നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ആദായനികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്തിൽ തെരുവുവിളക്കുകൾ റിപ്പയർ ചെയ്തതിന് വിൻസാൽ എന്ന വ്യക്തിക്ക് തുക നൽകിയിട്ടുണ്ട്. എന്നാൽ ആദായനികുതി ഈടാക്കിയിട്ടില്ല.

| വൗച്ചർ നം | തുക |
|---|---|
| 2160080/3.5.16 | 18480 |
| 2160280/27.7..16 | 27960 |
| 2160578/21.11.16 | 13900 |
| 2160629/5.12.16 | 10990 |
| 2160813/6.2.17 | 9000 |
| ആകെ | 80330 |

ആദായനികുതി നിയമം സെക്ഷൻ സി പ്രകാരം 30000 രൂപയിൽ അധികരിച്ച തുകക്ക് 1% നിരക്കിൽ നികുതി ഈടാക്കിയിട്ടില്ല. ആയത് ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

## 3-2 വാഹനത്തിന് ടയർ വാങ്ങൽ -- ബൈബാക്ക് ഓഫർ ഉപയോഗപ്പെടുത്തിയില്ല.

കേരള സ്റ്റോർ പർച്ചേസ് മാനവൽ 2013 (ജി.ഒ. (പി) 3/2013 എസ്.പി.ഡി. 21.6.2013) ഖണ്ഡിക 18.1 പ്രകാരം പഴയ സാധനങ്ങൾ മാറ്റി പുതിയവ വാങ്ങുമ്പോൾ പഴയ സാധനങ്ങളുടെ വില്പന ഉൾപ്പെടുത്തി ബൈ ബാക്ക് ഓഫർ നിരക്കുകൾ ഉൾപ്പെടുത്തി ക്വട്ടേഷൻ സ്വീകരിക്കാവുന്നതാണ്. ഉപയോഗയോഗ്യമല്ലാത്ത സാധനത്തിന്റെ അപ്സെറ്റ് മൂല്യം ക്ഷമതയുള്ള ഉദ്യോഗസ്ഥൻ നിജപ്പെടുത്തി ക്വട്ടേഷൻ വഴി ബൈബാക്ക് ഓഫർ അംഗീകരിക്കാം.

2016-17 വർഷം പഞ്ചായത്ത് വാഹനമായ KL46 J 2473 ബൊലേറോയുടെ 4 ടയറുകളും മാറ്റി. എന്നാൽ ബൈബാക്ക് ഓഫർ ഉപയോഗപ്പെടുത്താൻ ശ്രമിച്ചില്ല.

| വൗച്ചർ നം | തുക | കൈപ്പറ്റിയ ഏജൻസി |
|---|---|---|
| 21600215/27.6.16 | 11000 | ടയർ വേൾഡ്, മുല്ലശ്ശേരി |
| 21600656/16.12.16 | 12340 | ടയർ വേൾഡ്, മുല്ലശ്ശേരി |

പഴയ ടയറുകൾ അൺസർവീസബിൾ ഗുഡ്സ് സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

## 3-3 വാഹനപരിപാലനം അപാകതകൾ

പഞ്ചായത്ത് വാഹനത്തിന്റെ (KL 46J 2473) പരിപാലനത്തിൽ സർക്കാർ ഉത്തരവുകൾ പാലിക്കുന്നില്ല.ജി.ഒ.(എം.എസ്)170/2007, 30/6/2007, സർക്കുലർ നം.41/2008/ധനം.02/08/2008 എന്നിവയിലെ നിർദ്ദേശങ്ങൾ ഒന്നുംതന്നെ പാലിച്ചതായി കാണുന്നില്ല.

1) ഡീസൽ ഓർഡർ ബുക്ക്, സ്റ്റോക്ക് രജിസ്റ്റർ, ഫ്യുവൽ രജിസ്റ്റർ എന്നിവ കൃത്യമായി സൂക്ഷിക്കുന്നില്ല.

2) ഇന്ധനം നിറയ്ക്കുന്നത് ഫുൾ കപ്പാസിറ്റി ആണോയെന്ന് പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല. ലോഗ് ബുക്കിൽ ഡീസൽ നിറയ്ക്കുന്നത് കൃത്യമായി ചേർത്ത് സാക്ഷ്യപ്പെടുത്തുന്നില്ല. വാഹനത്തിന്റെ കസ്റ്റോഡിയനായ സെക്രട്ടറിയോ, അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ ഇന്ധനം നിറയ്ക്കുന്നത് സാക്ഷ്യപ്പെടുത്തുന്നില്ല.

3) യാത്ര ചെയ്യുന്ന ഉദ്യോഗസ്ഥൻ യാത്രയെ സംബന്ധിച്ച വിവരങ്ങളോ, ദൂരമോ ചേർത്ത് ഒപ്പുവയ്ക്കുന്നില്ല.

4) ലോഗ് ബുക്ക് കൃത്യമായി സൂക്ഷിക്കുന്നില്ല. ഇന്ധന ഉപഭോഗത്തെ സംബന്ധിച്ച മാസാന്ത്യസംക്ഷിപ്തം തയ്യാറാക്കി സാക്ഷ്യപ്പെടുത്തുന്നില്ല. അറ്റകുറ്റപ്പണികളെ പറ്റിയുള്ള വിവരങ്ങൾ ലോഗ് ബുക്കിൽ ചേർക്കുന്നില്ല.

5) റിപ്പയർ രജിസ്റ്റർ കൃത്യമായി എഴുതി തയ്യാറാക്കിയിട്ടില്ല.

6) 6മാസത്തിലൊരിക്കൽ ഇന്ധനക്ഷമത പരിശോധിക്കുന്നില്ല. ഇന്ധന ഉപഭോഗം കൃത്യമായി കണക്കാക്കാനാവുന്നില്ല.

സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് ആവശ്യമായ എല്ലാ രേഖകളും കൃത്യമായി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 3-4 പൊതുടാപ്പുകൾ സംയുക്തപരിശോധന നടത്തിയിട്ടില്ല

പഞ്ചായത്ത് പ്രതിമാസം 67 പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ 29313 അടവാക്കുന്നുണ്ട്. ഇവയിൽ എത്ര ടാപ്പുകൾ പ്രവർത്തനക്ഷമമാണെന്ന് വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല. മാത്രമല്ല ഓരോ മാസത്തെ ഡിമാന്റ് നോട്ടീസിലും കുടിശ്ശികയായി ഒരു തുകയും അതിന്റെ 2% പലിശയും വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്യുന്നുണ്ട്. ഈ തുക നിലവിൽ പഞ്ചായത്ത് അടവാക്കുന്നില്ല. എന്നാൽ ഇതിന്റെ കൃത്യത പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. മാർച്ച് 2016 ൽ 12855 രൂപയായിരുന്ന കുടിശ്ശിക ഫെബ്രുവരി 2017 ൽ 14710 രൂപയായി ഉയർന്നിട്ടുണ്ട്. ഇപ്രകാരം വർദ്ധിച്ചുവരുന്ന തുക പഞ്ചായത്തിന് ബാധ്യത ആകാതെ വാട്ടർ അതോറിറ്റിയുമായി പരിശോധന നടത്തി പരിഹരിക്കേണ്ടതാണ്.

## 3-5 കുടിവെള്ളപദ്ധതികൾ ഗുണഭോക്തൃസമിതികളെ ഏൽപ്പിച്ചിട്ടില്ല.

പഞ്ചായത്ത് 5 കുടിവെള്ളപദ്ധതികളുടെ വൈദ്യുതിചാർജ് പ്രതിമാസം അടവാക്കുന്നുണ്ട്.

വൈദ്യുതിചാർജ് അടവാക്കുന്നവയുടെ വിവരം

| പദ്ധതിയുടെ വിവരം | കൺസ്യൂമർ നം |
|---|---|
| പുഞ്ചിരിനഗർ കുടിവെള്ളപദ്ധതി | 13826 |
| കൈതമുക്ക് കുടിവെള്ളപദ്ധതി | 14133 |
| മനപ്പടി കോളനി കുടിവെള്ളപദ്ധതി | 10865 |
| പി.എച്ച്.സി.കുടിവെള്ളപദ്ധതി | 11013 |
| പഞ്ചായത്ത് ബസ് സ്റ്റാന്റ് കുടിവെള്ളപദ്ധതി | 7236 |

മേൽപ്പറഞ്ഞവയിൽ പഞ്ചായത്ത് ബസ് സ്റ്റാന്റ് കുടിവെള്ളപദ്ധതി പഞ്ചായത്തിന്റെ ആവശ്യങ്ങൾക്കുള്ളതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറി 20/17.08.17)

കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃസമിതികളെ ഏൽപ്പിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-6 ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല-- 263984 രൂപ

തടസ്സപ്പെടുത്തുന്നു.

മഴക്കാല പൂർവ്വ ശുചീകരണത്തിനായി വാർഡ്തല സമിതികൾക്ക് കൈമാറുന്നതിനായി മെഡിക്കൽ ഓഫീസർക്ക് നൽകിയ തുകയുടെ ചെലവ് വിവരം ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

| വൗച്ചർ നം | തുക |
|---|---|
| 21600217/27.6.16 | 85297 |
| 21600218/27.6.16 | 139703 |
| 21600248/14.7.16 | 38984 |
| ആകെ | 263984 |

ചെലവ് രേഖകൾ, വിനിയോഗ വിവരം എന്നിവ ഹാജരാക്കുന്നത് വരെ തുക തടസ്സപ്പെടുത്തുന്നു.

## 3-7 മരുന്ന് യഥാസമയം ലഭ്യമാകുന്നില്ല

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നടപ്പാക്കിയ പദ്ധതികളിൽ യഥാസമയം മരുന്ന് ലഭ്യമായിട്ടില്ല.

1) ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നുവാങ്ങൽ (101/17) പദ്ധതിയിൽ ഹോംകോസിന് കൈമാറിയ തുകയുടെ രസീതോ, മരുന്നോ ലഭ്യമാക്കിയിട്ടില്ല.

ബിൽ നം. --CB 3/16-17/31.1.17 -- 100000

2) സാന്ത്വനപരിചരണം പദ്ധതിയിൽ മരുന്ന് (100/17) വാങ്ങുന്നതിനായി KMSCL ന് കൈമാറിയ തുകക്ക് മരുന്ന് ലഭിച്ചിട്ടില്ല.

| ബിൽ നം | തുക | ഡിഡി നം | കൈമാറിയ തുക |
|---|---|---|---|
| CB4/16-17/31.1.17 | 144908 | 160512/1.3.17 | 119151 |
| CB5/16-17/28.2.17 | 90868 | 160044/13.3.17 | 52868 |

മരുന്ന് ലഭ്യമാകാൻ താമസമുണ്ടെങ്കിൽ പി.എം.സി.യുടെ അനുവാദത്തോടെ നീതി സ്റ്റോറിൽ നിന്ന് വാങ്ങാമെന്നിരിക്കെ പാലിയേറ്റീവ് കെയർ പോലെ അത്യാവശ്യമായി മരുന്ന് ലഭ്യമാകേണ്ട കാര്യത്തിൽ നടപടിയെടുത്തിട്ടില്ല. മരുന്നുകൾ കാലതാമസംകൂടാതെ രോഗികൾക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-8 മരുന്ന് ലഭ്യമായിട്ടില്ല.

ആയുർവ്വേദ മെഡിക്കൽ ഓഫീസർ മരുന്ന് വാങ്ങുന്നതിനായി (S104/17) ഔഷധിക്ക് തുക കൈമാറിയെങ്കിലും മരുന്ന് മുഴുവൻ ലഭ്യമായിട്ടില്ല.

ബിൽ നം.-- 3/16-17/22.3.17 – 300000

ബിൽ നം.-- 1/16-17/5.12.16 – 300000

2017 മാർച്ചിൽ കൈമാറിയ തുകയിൽ 214723 രൂപയുടെ മരുന്ന് മാത്രമാണ് ലഭിച്ചത്. ലഭിച്ച മരുന്നുകളിൽ താഴെച്ചേർത്തിരിക്കുന്ന വിധം മരുന്നുകളിൽ കുറവുണ്ട്.

ഔഷധിയുടെ 4931/29.3.17ബില്ലിൽ കാണിച്ചിരിക്കുന്ന മുഴുവൻ മരുന്നുകളും ലഭിച്ചിട്ടില്ല.

| മരുന്ന് | ബിൽ പ്രകാരം അളവ് | ലഭ്യമാകാത്ത അളവ് |
|---|---|---|
| ധന്വന്തരം തൈലം | 200mlx120 | 200mlx48 |
| ഗുൽഗ്ലു പഞ്ചപലം | 500gmx5 | 500gmx5 |
| ബലാരിഷ്ടം | 450mlx100 | 450mlx100 |

മേൽപ്പറഞ്ഞ മരുന്നുകൾ ഔഷധിയിൽ നിന്ന് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-9 ആശ്രയ പദ്ധതി

പഞ്ചായത്ത് തൻവർഷം ആശ്രയ പദ്ധതി നടപ്പാക്കിയിട്ടില്ല. പഞ്ചായത്തിൽ താഴെപ്പറയും വിധം ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുണ്ട്.

| ഇനം | 1st പ്രൊജക്ട് | 2nd പ്രൊജക്ട് |
|---|---|---|
| പ്രൊജക്ടു പ്രകാരം ആകെ ഗുണഭോക്താക്കൾ | 63 | 38 |
| പ്രൊജക്ടു പ്രകാരം വീടുവയ്ക്കാൻ സ്ഥലം ആവശ്യമുള്ളവർ | 22 | 3 |
| നാളിതുവരെ ലഭിച്ചവർ | 14 | 2 |
| പ്രൊജക്ടു പ്രകാരം വീട് ആവശ്യമുള്ളവർ | 46 | 5 |
| നാളിതുവരെ ലഭിച്ചവർ | 21 | 3 |
| വീട് റിപ്പയർ ആവശ്യമുള്ളവർ | 27 | 6 |
| നാളിതുവരെ ലഭിച്ചവർ | 19 | 0 |
| കക്കൂസ് ആവശ്യമുള്ളവർ | 10 | 20 |
| നാളിതുവരെ ലഭിച്ചവർ | 7 | 0 |
| കുടിവെള്ളം ആവശ്യമുള്ളവർ | 40 | 0 |
| നാളിതുവരെ ലഭിച്ചവർ | 7 | 0 |
| കറന്റ് ആവശ്യമുള്ളവർ | 0 | 20 |
| നാളിതുവരെ ലഭിച്ചവർ | 0 | 0 |

ജി.ഒ.(എം.എസ്.) 362/13/ത.സ്വ.ഭ.വ തീയതി 16.11.13 അനുബന്ധം 14 ഖണ്ഡിക 67(i) പ്രകാരം ഭൂരഹിതരായ എല്ലാ അഗതി കുടുംബങ്ങൾക്കും വീട് വയ്ക്കുന്നതിന് സ്ഥലം ലഭ്യമാക്കിയതിനു ശേഷം മാത്രമാണ് ദാരിദ്ര്യരേഖക്ക് താഴെയുള്ള ഇതര വിഭാഗങ്ങൾക്ക് സ്ഥലം അനുവദിക്കാവുന്നത്. ഇതേ ഉത്തരവിലെ അനുബന്ധം 14 ഖണ്ഡിക 68(i) പ്രകാരം ഭവനരഹിതരും, ആവശ്യത്തിന് ഭൂമി ഉള്ളവരുമായ എല്ലാ അഗതി കുടുംബങ്ങൾക്കും ഭവന ധനസഹായം മുൻഗണനാ അടിസ്ഥാനത്തിൽ നൽകണം.

എന്നാൽ 2016-17 വർഷം പഞ്ചായത്ത് ആശ്രയ പദ്ധതി നടപ്പാക്കിയിട്ടില്ല. തൻവർഷം പഞ്ചായത്ത് ആശ്രയ പ്രവർത്തനങ്ങൾക്കായി തുക ചെലവഴിച്ചിട്ടില്ല.

ആശ്രയ ഗുണഭോക്താക്കളുടെ അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യപ്രാപ്തിയിലെത്താത്ത സാഹചര്യത്തിലാണ് ഉയർന്ന ശേഷിയുള്ള മറ്റ് വിഭാഗങ്ങളിലുള്ളവർക്ക് ഭീമമായ തുകകൾ വകയിരുത്തി സ്ഥല/ഭവന നിർമ്മാണ പദ്ധതികൾ നടപ്പിലാക്കുന്നത്. രണ്ടാം ഘട്ട പദ്ധതിയിൽ ആശ്രയ ഗുണഭോക്താക്കളുടെ വിവിധ ആവശ്യങ്ങൾ കണക്കിലെടുത്ത് പ്രൊജക്ട് തയ്യാറാക്കി ആയത്

പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-10 ജില്ലാ പഞ്ചായത്ത് വിഹിതം ചെലവഴിച്ചില്ല.

ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പിനായി ജില്ലാ പഞ്ചായത്തിൽനിന്നും നിന്നും ലഭിച്ച തുക ചെലവഴിക്കാത്തതുമായി ബന്ധപ്പെട്ട് 1897/2013 ലെ സി.എം.പി നമ്പർ 245/2015-ാം പരാതിയിന്മേലുള്ള (പരാതിക്കാരൻ : ഇ.എൻ. പോൾസൺ, എടക്കളത്തൂർ ഹൗസ്, പാവറട്ടി) ഓംബുഡ്സ്മാന്റെ ഉത്തരവിൽ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പിനായി ജില്ലാ പഞ്ചായത്തിൽനിന്നും 2010-11 സാമ്പത്തിക വർഷത്തിൽ ലഭിച്ച 48600 രൂപയിൽ 28000 രൂപയും 2011-12 വർഷത്തിൽ ലഭിച്ച 120000 രൂപയിൽ 60000 രൂപയും ചെലവഴിച്ചതായി പറയുന്നു. ഉത്തരവിന്റെ അടിസ്ഥാനത്തിൽ 2011-12 വർഷത്തിൽ ബാലൻസ് നിൽക്കുന്ന 60000 രൂപയിൽ 16500 രൂപ 2016-17 വർഷത്തിൽ ഗുണഭോക്താക്കളെ കണ്ടെത്തി ചെലവഴിക്കുകയും ബാക്കി തുക (43500) ROP ഹെഡ്ഡിലേക്ക് തിരിച്ചടവാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ 2010-11 വർഷത്തിൽ ബാലൻസ് നിൽക്കുന്ന 20600 രൂപ ചെലവഴിക്കുകയോ തിരിച്ചടവാക്കുകയോ ചെയ്തിട്ടില്ല. 2016-17 വർഷത്തെ ബാലൻസ് ഷീറ്റിലും തുക ഉൾപ്പെട്ടു കാണുന്നില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയതിന് (എൻക്വയറി നം. 3/10.8.17) 2010-11 വർഷത്തിൽ ബാലൻസ് നിൽക്കുന്ന തുക പ്രാരംഭ ബാക്കിയായി സാംഖ്യ സോഫ്റ്റ് വെയറിൽ കൊണ്ടുവന്നിട്ടില്ല എന്നും ആയതിനാൽ ചെലവഴിക്കുകയോ തിരിച്ചടവാക്കുകയോ ചെയ്യാൻ സാധിച്ചിട്ടില്ല എന്നുമാണ് മറുപടി നൽകിയത്. തുക ചെലവഴിക്കാത്തപക്ഷം ROP ഹെഡ്ഡിലേക്ക് തിരിച്ചടവാക്കേണ്ടതാണ്.

## 3-11 എസ്.സി ഭവന നിർമ്മാണം - ഭവന നിർമ്മാണം നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല

2013-14 സാമ്പത്തിക വർഷത്തിലെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടതും, കരാറിലേർപ്പെട്ട് ഭവന നിർമ്മാണം ആരംഭിച്ചിട്ടുള്ളതുമായ താഴെപ്പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെ പണി പൂർത്തീകരിച്ചിട്ടില്ല.

| ഗുണഭോക്താവിന്റെ പേര് | നാളിതുവരെ കൈപ്പറ്റിയ തുക |
|---|---|
| ഉഷ മണികണ്ഠൻ<br>വല ഹൗസ് മരുതയൂർ,<br>പാവറട്ടി | 80000 |
| സുരേഷ്<br>പൊലിയേടത്ത് ഹൗസ്,<br>മരുതയൂർ, പാവറട്ടി | 140000 |

ഭവന നിർമ്മാണം പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

## 3-12 പൈപ്പ് കമ്പോസ്റ്റ് -പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : വി.ഇ.ഒ.

പ്രോജക്ട് നം. 105/17

ചെക്ക് നം. 105306/23.3.17, തുക 2070

„ „ 105317/29.3.17, തുക 2070

„ „ 105320/30.3.17, തുക 18630

ബിൽ നം. 6 /16-17 / 27.3.17 - തുക 6210

ആകെ ചെലവ് - തുക 28,980/-

പദ്ധതി പ്രകാരം 46 ഗുണഭോക്താക്കൾക്ക് IRTC മുഖേനയാണ് പൈപ്പ് കമ്പോസ്റ്റ് സ്ഥാപിച്ച് നൽകിയിരിക്കുന്നത്. ജില്ലാ ശുചിത്വ മിഷനിൽ നിന്നും സാങ്കേതികാനുമതി ലഭിച്ചിട്ടുള്ള ഈ പദ്ധതിയിൽ യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ചിരിക്കുന്നത് 900 രൂപയാണ്. ഇതിന്റെ അടിസ്ഥാനത്തിൽ 46 പൈപ്പ് കമ്പോസ്റ്റുകൾക്ക് മേൽ പ്രകാരമാണ് തുക ചെലവഴിച്ചിട്ടുള്ളത്. ഇതിൽ ശുചിത്വ മിഷനിൽ നിന്നും ലഭിക്കേണ്ട തുകയുടെ (മൊത്തം ചെലവിന്റെ 75 %) 60% മാത്രമാണ് ചെലവഴിച്ചത്. ബാക്കി തുക സ്ഥാപനത്തിന് കൈമാറിയിട്ടില്ല.പൈപ്പ് കമ്പോസ്റ്റ് സ്ഥാപിച്ചതിന് IRTC ൽ നിന്നും പൂർത്തീകരണ സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കുന്നതുവരെ 28,980/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

## 3-13 പോർട്ടബിൾ ബയോഗ്യാസ് നിർമ്മാണം - പൂർണ്ണലക്ഷ്യം കൈവരിച്ചില്ല. പിരിച്ചെടുത്ത ഗുണഭോക്തൃ വിഹിതം തിരികെ നൽകിയില്ല.

നിർവ്വഹണ ഉദ്യോഗസ്ഥ :കൃഷി ഓഫീസർ

പ്രോജക്ട് നം. 10/17

ബിൽ നം. 1/16-17 / 22.3.17, തുക 41550

ചെക്ക് നം. 0902158/16.3.17, തുക 41550

2016-17 സാമ്പത്തിക വർഷത്തിൽ സ്പിൽ ഓവർ ആയി നടപ്പിലാക്കിയ പദ്ധതിയിൽ 15-16 സാമ്പത്തിക വർഷത്തിൽ ടെണ്ടർ നടപടികൾ പൂർത്തീകരിക്കുകയും, Bio Tech Renewable Energy Pvt. Ltd. എന്ന സ്ഥാപനത്തിന് ടെണ്ടർ ലഭിക്കുകയും ചെയ്തു. ടെണ്ടർ പ്രകാരമുള്ള ടെണ്ടർ കോസ്റ്റ് 6649 രൂപയാണ്. പഞ്ചായത്ത് കമ്മിറ്റി (I(a)/30.1.17) അംഗീകരിച്ച 92 പേർക്ക് പദ്ധതി പ്രകാരമുള്ള ആനുകൂല്യം നൽകുന്നതിനായി ഗുണഭോക്തൃ വിഹിതം 1662 രൂപ എന്ന നിരക്കിൽ പിരിച്ചെടുത്തു. 25 പേർക്ക് സ്ഥാപിച്ച നൽകി ആയതിന്റെ തുക കൈപ്പറ്റിയതിനുശേഷം അടുത്തത് സ്ഥാപിച്ച നൽകാം എന്ന കരാർ വ്യവസ്ഥ നിലനിൽക്കുന്നതിനാലും ശുചിത്വ മിഷനിൽ നിന്നും പദ്ധതി വിഹിതം ലഭിച്ചിട്ടില്ലാത്തതിനാലും 25 പേർക്കുമാത്രം ആനുകൂല്യം നൽകി പദ്ധതി നിർത്തലാക്കി. പിന്നീട് പഞ്ചായത്ത് കമ്മിറ്റിയുടെ 19.5.17ലെ 2(1)-ാം തീരുമാനപ്രകാരം പദ്ധതി നിർത്തലാക്കിയതിന്റെ അടിസ്ഥാനത്തിൽ 67 പേരുടെ ഗുണഭോക്തൃ വിഹിതം തിരികെ നൽകുന്നതിന് തീരുമാനിച്ചു. എന്നാൽ നാളിതുവരെയായി 52 പേരുടെ ഗുണഭോക്തൃവിഹിതമെ തിരികെ നൽകിയിട്ടുള്ളു. പഞ്ചായത്ത് ഗുണഭോക്താക്കൾക്ക് തിരികെ നൽകുന്നതിനായി കൊടുത്ത തുക (ചെക്ക് നം.109644/24.6.17) കൃഷി ഓഫീസറുടെ പേരിലുള്ള SBI ചാവക്കാട് അക്കൗണ്ടിലാണ് (അക്കൗണ്ട് നം.57031854411)

നിക്ഷേപിച്ചിരിക്കുന്നത്. തുക വിതരണം ചെയ്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-14 മരുതയൂർ തീരദേശ റോഡ് നിർമ്മാണം- അധിക നിരക്ക് നല്കി.

അടങ്കൽ : 4,75,000/-

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസി. എഞ്ചിനീയർ

കരാറുകാരൻ - എൻ.പി. യൂസഫ്.

എം.ബുക്ക് നം. - 247/15-16

വൗച്ചർ നം.-21600524/25-10-16, Rs. 4,67,676/-

പ്രോജക്ട് നം.16/17

മേൽ പ്രവൃത്തിയിൽ എസ്റ്റിമേറ്റ് ഇനം 1 ആയി 423 മീറ്റർ നീളം ക്വാറി വേസ്റ്റ് അടിച്ച് അതിനുമുകളിൽ ഇനം 2 ആയി 5സെ.മീ. കനത്തിൽ മണ്ണ് ഫില്ലിംഗുമാണ് ഉദ്ദേശിച്ചത്. ഇതിൽ ഇനം 2 ന് DSR 2014 Observed Data 215 പ്രകാരമുള്ള നിരക്കാണ് നല്കിയത്. എന്നാൽ സാധാരണ റോഡുകളിൽ 5cm കനത്തിലുള്ള മണ്ണ് ഫില്ലിംഗിന് Observed Data ഇനം 6 പ്രകാരമുള്ള നിരക്കിനേ അർഹതയുള്ളൂ. Observed Data 215 എന്നത് വെള്ളം നിറഞ്ഞ പ്രദേശങ്ങളിൽ മൺതിട്ടയുണ്ടാക്കി (embankments) ഓരോ 20cm layer നും roller ഉപയോഗിച്ച് consolidation നല്കിയുള്ള മൺ പ്രവൃത്തികൾക്കാണ്. ആയതിനാൽ ഈ പ്രവൃത്തിയിൽ താഴെ പറയും പ്രകാരം അധികം നല്കിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

ആകെ ചെയ്ത പ്രവൃത്തി - 83.38$m^3$

അനുവദിച്ചത് - 83.38$m^3$x779.74=65014.73

അനുവദിക്കാവുന്നത് - 83.38$m^3$x238.88 = 19917.82(cost index 1.3619 )

അധികമായി നല്കിയത് - 45,097/-

അധികം നല്കിയ തുക തിരികെ ഈടാക്കേണ്ടതാണ്.

## 3-15 ബിറ്റുമിൻ, എമൽഷൻ എന്നിവ വാങ്ങിയത്-59665/- രൂപ തിരികെ ലഭിക്കേണ്ടതുണ്ട്

2016-17 വർഷത്തെ മരാമത്ത് പ്രവൃത്തികൾക്കായി ബിറ്റുമിൻ വാങ്ങുന്നതിനായി 1205041/-രൂപ BPCLനും (A/c No.BPCIN195469), SS1 എമൽഷൻ വാങ്ങുന്നതിനായി 1,82,445/- രൂപ Hindcol നും (A/C No.HINDCOL 113348) നല്കിയിരുന്നു. ഇതിലേക്കായി 1145376/- രൂപയുടെ ബിറ്റുമിനും (VG30+RS1),

180663/- രൂപയുടെ എമൽഷനം ലഭ്യമായിട്ടുണ്ട്. BPCL ൽ നിന്നും 57883/- രൂപയും, Hindcol ൽ നിന്നും 1782/- രൂപയും ചേർത്ത് ആകെ 59665/- രൂപ പഞ്ചായത്തിന് തിരികെ ലഭിക്കേണ്ടതുണ്ട്. ആയത് തിരികെ ലഭിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-16 ലാന്റ് അക്വിസിഷന് അധികമായി അടവാക്കിയ 1,14,495/- രൂപ തിരികെ ലഭിക്കാനുള്ള നടപടികൾ സ്വീകരിച്ചില്ല.

ബസ് സ്റ്റാൻഡ് നിർമ്മാണത്തിനായി സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട തൃശ്ശൂർ സബ്ബ് കോടതിയിലെ LAR 120/80 & EP838/93/DGP നമ്പർ കേസിൽ പഞ്ചായത്ത് അധികമായി അടവാക്കിയ 1,14,495/- രൂപ തിരികെ ലഭിക്കാനായി ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ റിവ്യൂ പെറ്റീഷൻ അടിയന്തിരമായി സമർപ്പിക്കാൻ ജില്ലാ കളക്ടറുടെ 30/11/13 ലെ L5-2009/3697/8 നമ്പർ കത്തിൽ ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഇതുമായി ബന്ധപ്പെട്ട് യാതൊരു നടപടികളും പഞ്ചായത്ത് സ്വീകരിച്ചില്ല. തുടർന്ന് 28/5/16 ലെ തീരുമാനം നം.11(1) പ്രകാരം ഇക്കാര്യത്തിൽ നിയമോപദേശം തേടാൻ തീരുമാനിച്ചിരുന്നു. എന്നാൽ നാളിതുവരെയായി റിവ്യൂ പെറ്റീഷൻ ഫയൽ ചെയ്യുകയോ മറ്റ് തുടർനടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. ഇക്കാര്യം തുടർനടപടികൾക്കായി പഞ്ചായത്ത് സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു

## 3-17 വിനിയോഗ വിവരം ലഭ്യമാക്കിയില്ല- 11,71,260/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

2016-17 വർഷത്തെ താഴെ പറയുന്ന പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കാത്തതിനാൽ ചെലവുതുക തടസ്സപ്പെടുത്തുന്നു.

| ക്രമ നം. | പദ്ധതിയുടെ പേര്/നം | ചെലവുതുക | ആർക്ക് നല്കി | ചെലവ് വിവരം |
|---|---|---|---|---|
| 1. | ABC പ്രോഗ്രാം - 93/17 | 75000/- | സെക്രട്ടറി, ജില്ലാ പഞ്ചായത്ത് | Treasury Bill No.26/31-3-17 |
| 2. | കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ- 102/17 | 337500/- | E.E., PH Division, Thrissur | Treasury Bill No.6/20-2-17 |
| 3. | സ്ട്രീറ്റ് ലൈൻ വലിക്കൽ-29/17 | 618760/- | Electrical Section, Pavaratty | Treasury Bill No.27/31-3-17 Rs.254619/- No.29/31-3-17 |

| | | | | |
|---|---|---|---|---|
| | | | | Rs.364141/- |
| 4. | PMAY-അധികവിഹിതം - 36/17 | 140000/- | BDO, Mullassery | Treasury Bill No. 3/25-11-16 |
| | ആകെ | 1171260 | | |

# 3-18 കമ്പ്യൂട്ടറുകളുടെ എ.എം.സി.- ആദായനികുതി ഈടാക്കിയില്ല.

നിർവഹണ ഉദ്യോഗസ്ഥൻ -സെക്രട്ടറി

ട്രഷറി ബിൽ നം.24/31-3-17 Rs.48000/-

മേൽ പദ്ധതികൾക്കായി 2016-17 വർഷത്തിൽ 48,000/- രൂപ PC Clinic, Thrissur എന്ന സ്ഥാപനത്തിന് നല്കിയിട്ടുണ്ട്. എന്നാൽ ഇൻകം ടാക്സ് ആക്റ്റ് സെക്ഷൻ 194 C പ്രകാരം 2% നിരക്കിൽ ആദായനികുതി മേൽ സ്ഥാപനത്തിൽനിന്നും ഈടാക്കിയിട്ടില്ല. കൂടാതെ മേൽ സ്ഥാപനത്തിന്റെ ഒറിജിനൽ ക്യാഷ് ബിൽ പരിശോധനക്ക് ലഭ്യമാക്കിയില്ല. ആദായനികുതി ഈടാക്കി അടവാക്കേണ്ടതും, ഒറിജിനൽ ക്യാഷ് ബിൽ പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്.

# 3-19 തെരുവ് വിളക്കുകൾക്ക് ഉപകരണങ്ങൾ വാങ്ങൽ - സാധനങ്ങൾ കൈപ്പറ്റിയതിന്റെ വിവരം, സ്ഥാപിച്ചതിന്റെ വിവരം എന്നിവയില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

ട്രഷറി ബിൽ നം.7/27-2-17 Rs. 1,99,992/-

2016-17 വർഷത്തിൽ മേൽ പ്രകാരം 1,99,992/-രൂപ ചെലവഴിച്ച് 945 എണ്ണം LED ബൾബുകളും മറ്റ് ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്. ഇവയെല്ലാം സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയിട്ടുണ്ടെങ്കിലും ആരും തന്നെ കൈപ്പറ്റിയതായി കാണുന്നില്ല. മാത്രമല്ല, ഇവ സ്ഥാപിച്ചതിന്റെ വിവരവും ലഭ്യമാക്കിയില്ല. ഇതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ കൈപറ്റ് വിവരം, സ്ഥാപിച്ചതിന്റെ വിവരം എന്നിവ ശരിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു എന്നാണ് അറിയിച്ചത്.

മേൽ വിവരങ്ങളുടെ അഭാവത്തിൽ ചെലവുതുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-20 പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ വേണ്ടത്ര ശ്രദ്ധ പുലർത്തുന്നില്ല

സബ്സിഡി മാർഗ്ഗരേഖ പ്രകാരം പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ താഴെ പറയുന്ന കാര്യങ്ങൾ ഉറപ്പുവരുത്തേണ്ടതാണ്.

1.പ്രാബല്യത്തിലുള്ള എല്ലാ നിയമങ്ങൾക്കും, ചട്ടങ്ങൾക്കും, ഉത്തരവുകൾക്കും, മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസൃതമായ പ്രോജക്റ്റായിരിക്കണം.

2. മുൻ വർഷങ്ങളിൽ പരാജയമെന്ന് ബോധ്യമായ പ്രോജക്റ്റുകൾക്ക് സമാനമായ പ്രോജക്റ്റുകൾ വീണ്ടും ഉൾപ്പെടുത്തേണ്ടതുണ്ടെങ്കിൽ പരാജയ കാരണങ്ങളും അവയ്ക്കുള്ള പരിഹാരങ്ങളും കണ്ടെത്തിയശേഷം മാത്രമേ പ്രോജക്റ്റ് തയ്യാറാക്കാവൂ.

പഞ്ചായത്തിൽ പ്രോജക്റ്റുകൾ തയ്യാറാക്കുമ്പോൾ ഇത്തരം കാര്യങ്ങൾ വേണ്ടത്ര ശ്രദ്ധിക്കുന്നില്ല. ഉദാഹരണമായി, ഗ്യാസ് ക്രിമറ്റോറിയവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന പദ്ധതികൾ 2015-16, 2016-17 എന്നീ വർഷങ്ങളിൽ ഉൾപ്പെടുത്തിയിരുന്നു.

ഗ്യാസ് ക്രിമറ്റോറിയം നിർമ്മാണം - Rs. 42,00,000/-

ഗ്യാസ് ക്രിമറ്റോറിയത്തിന് വഴി വാങ്ങൽ -Rs. 80,611/-

ശ്മശാനത്തിന് വിട്ടു കിട്ടിയ ഭൂമി ചുറ്റു മതിൽ കെട്ടി സംരക്ഷിക്കൽ -Rs. 10,00,000/-

എന്നാൽ താഴെ പറയുന്ന നിയമ തടസ്സങ്ങൾമൂലം പദ്ധതികൾ നടപ്പാക്കാനായില്ല.

1. കായലിനോട് ചേർന്നുള്ളതും, വെള്ളം കെട്ടി നിൽക്കുന്നതും, റവന്യൂരേഖകളിൽ "ഗവൺമെന്റ് അസ്ഥിര പുഞ്ച" എന്ന തരത്തിലുള്ള പുറമ്പോക്ക് ഭൂമിയായതിനാലും ജില്ലാ കളക്ടറുടെ അനുമതി ലഭ്യമായിട്ടില്ല.

2. 1994ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 218(1) അനുസരിച്ച് "പൊതുജനങ്ങളുടെ ഉപയോഗത്തിന് ഒരു ചിരാനുഭവ അവകാശം നല്കത്തക്കവിധത്തിൽ എല്ലാ പൊതു ജല മാർഗ്ഗങ്ങളും, നദികളുടെ തടങ്ങളും തീരങ്ങളും, ചെറുപുഴകളും, ജല മാർഗ്ഗങ്ങളും കെട്ടി നിൽക്കുന്നതും ഒഴുകിപ്പോകുന്നതുമായ എല്ലാ നീരുറവകളും ജലസംഭരണികളും അവയോട് ചേർന്ന് കിടക്കുന്ന സ്വകാര്യ വസ്തുവല്ലാത്ത തൊട്ടടുത്ത് കിടക്കുന്ന ഏതെങ്കിലും ഭൂമിയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് കൈമാറ്റം ചെയ്ത് പൂർണ്ണമായും അതിൽ നിക്ഷിപ്തമായിരിക്കുന്നതും ആകുന്നു എന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു." ആയതിനാൽ മേൽ പ്രകാരമുള്ള 90സെന്റ് സ്ഥലം പഞ്ചായത്തിൽ നിക്ഷിപ്തമാണ് എന്നതാണ് ഇക്കാര്യത്തിൽ പഞ്ചായത്തിന്റെ വാദം. എന്നാൽ ഈ വാദം നാളിതുവരെയായി റവന്യൂ വകുപ്പ് അംഗീകരിച്ചിട്ടില്ല.

3. ഭൂമി സംബന്ധിച്ച് അവകാശത്തർക്കം നിൽക്കുന്നതിനാലും, 3 മീറ്റർ വീതിയില്ലാത്തതിനാലും, CRZ പരിധിയിൽ വരുമെന്നതിനാലും പ്രസ്തുത സ്ഥലത്തേക്ക് വഴി വാങ്ങുന്നതിന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്റ്ററുടെ അനുയോജ്യതാ സർട്ടിഫിക്കറ്റ് ലഭ്യമായിട്ടില്ല.

4. പദ്ധതി വരുന്നതിൽ ഒരു വിഭാഗം ജനങ്ങൾക്ക് എതിർപ്പുള്ളതായും റവന്യൂ അധികാരികൾ രേഖപ്പെടുത്തിയിട്ടുണ്ട്.

മേൽപ്രകാരമുള്ള നിയമ തടസ്സങ്ങൾ ഒഴിവാക്കാതേയും, ആവശ്യമായ അനുമതികൾ ഇല്ലാതേയും പദ്ധതി നടപ്പാക്കാനാവില്ല എന്നിരിക്കെ വീണ്ടും വീണ്ടും പദ്ധതി വയ്ക്കുന്നതുമൂലം മറ്റ് വികസന പ്രവൃത്തികൾക്ക് തടസ്സം നേരിടുന്നു. മേൽ പദ്ധതികൾക്കായി തുക മാറ്റി വച്ചതുമൂലം മറ്റ്പദ്ധതികൾക്കായി ചെലവഴിക്കേണ്ടിയിരുന്ന ഏകദേശം 50 ലക്ഷത്തോളം രൂപ മുടങ്ങിക്കിടക്കുകയാണുണ്ടായത്. 2017-18 വർഷത്തിലും ഇതുമായി ബന്ധപ്പെട്ട് രണ്ട് പദ്ധതികൾ

അംഗീകാരം നേടിയിട്ടുണ്ട്.

എല്ലാ നിയമ തടസ്സങ്ങളും മാറ്റി, ആവശ്യമായ അനുമതികളോടെ മാത്രമേ മേൽ പദ്ധതി നടപ്പാക്കാവൂ എന്ന കാര്യത്തിൽ പ്രത്യേകം ശ്രദ്ധ പതിയേണ്ടതാണ്.

## 3-21 കുടുംബശ്രീ പരിശീലനകേന്ദ്രം ഉപയോഗപ്പെടുത്തുന്നില്ല.

പഞ്ചായത്തിലെ ആത്തട്ട് റോഡിന്റെ അവസാന ഭാഗത്തായുള്ള കുടുംബശ്രീ പരിശീലനകേന്ദ്രം ഒരു വർഷത്തിലധികമായി ഉപയോഗപ്പെടുത്തുന്നില്ല. ഇതിനുള്ളിലെ നാലോ, അഞ്ചോ തയ്യൽ മെഷീനുകൾ ഉപയോഗിക്കാതെ നശിച്ച് പോകുന്നതിന് സാധ്യതയുണ്ട്. ആയതിനാൽ ഈ പരിശീലനകേന്ദ്രം എത്രയും വേഗം ഉപയോഗിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതിന് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-22 ആർ.ഡി.ഒ. യുടെ അനുമതി ലഭിക്കുന്നതിനു മുൻപ് ആസ്തികൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തി മുതൽമുടക്കുന്നു.

സ്വകാര്യ വ്യക്തികൾ റോഡിനായും മറ്റും വിട്ടുതരുന്ന സ്ഥലം ആർ.ഡി.ഒ. യുടെ അനുമതിക്ക് ശേഷമേ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്താവൂ എന്നിരിക്കെ ഇതിനു മുൻപ് തന്നെ അവ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തി പ്രവൃത്തി നിർവ്വഹിക്കുന്നതായി കാണുന്നു. താഴെ പറയുന്ന ആസ്തികൾക്ക് ഇനിയും ആർ.ഡി.ഒ. യുടെ അനുമതി ലഭിച്ചിട്ടില്ല.

1.രണ്ടാം വാർഡിലെ കൈരളി റോഡ്

2.അഞ്ചാം വാർഡിലെ ഗാന്ധി നഗർ റോഡ്

3. എട്ടാം വാർഡിലെ പ്രിയദർശിനി റോഡ്

4. തീരദേശ കുടിവെള്ള പദ്ധതിക്കായി ശ്രീ. പണിക്കശ്ശേരി രാജൻ എന്നയാൾ വിട്ടു നല്കിയ ഭൂമി.

ക്രമ നമ്പർ 1,2,3 എന്നിവ ആസ്തി രജിസ്റ്ററിൽ ചേർത്ത് ലക്ഷങ്ങൾ ചെലവഴിച്ച് പ്രവൃത്തികൾ ചെയ്തതായി കാണുന്നു. ക്രമ നമ്പർ 4 ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടില്ലെങ്കിലും കുടിവെള്ള പദ്ധതിക്കായി വാട്ടർ ടാങ്കിന്റെ നിർമ്മാണ പ്രവൃത്തികൾ നടന്നുവരുന്നു. നടപടികൾ പൂർത്തിയാക്കിയതിനുശേഷം മാത്രം പ്രവൃത്തികൾ നിർവ്വഹിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം | തുക | ലഭിച്ച | പ്രൊജക്ടിന്റെ | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| നൽകിയ സ്ഥാപനം | ലഭിച്ച വർഷം | തുക | പേര് | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2016-17 | 175000 | മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 175000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 204000 | തെങ്ങുകൃഷിയ്ക്ക് ജൈവവളം | 204000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 175000 | മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 175000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | -- | 126640 | ആട്ടം കൂട്ടം പദ്ധതി എസ്.സി. വനിത 75/12 | 125640 | 1000 |

## 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ നീട്ടൽ വാർഡ് 12,1 | 881 | 337500 | - | 337500 |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് മെയിൻ വലിക്കൽ | 1051 | 254619 | – | 254619 |
| | | 1052 | 364141 | - | 364141 |

## 4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല

4-4. വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

4-5. സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

4-6 ഓഡിറ്റ് റിക്കവറി

ഇല്ല

4-7. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 34659459 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 31350889 |
| വരവിനങ്ങളിലുള്ള നഷ്ടം | : | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 45097 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1664216 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-14 | - | 45097 | ബാബു.കെ.പോൾ, അസി. എഞ്ചിനീയർ |
| ആകെ | | 45097 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 263984 | കൃഷ്ണൻകുട്ടി. ഇ.കെ, സെക്രട്ടറി |
| 3-12 | 28980 | അജിത്ത് രാജ്കുമാർ, വി.ഇ.ഒ. |
| 3-17 | 1171260 | കൃഷ്ണൻകുട്ടി. ഇ.കെ, സെക്രട്ടറി |
| 3-19 | 199992 | കൃഷ്ണൻകുട്ടി. ഇ.കെ, സെക്രട്ടറി |
| ആകെ | 1664216 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ബാബു കെ പോൾ, അസി.എഞ്ചിനീയർ | അസി. എഞ്ചിനീയർ<br>പാവറട്ടി ഗ്രാമ പഞ്ചായത്ത് | കുറ്റിക്കാട്ട് ഹൗസ്, ചിറ്റാട്ടുകര. പി.ഒ., തൃശ്ശൂർ |

## 4-8. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| | ഓഡിറ്റ് അദാലത്ത് നമ്പർ എൽ.എഫ് ടി. (എസ്.2)- 894/ 27.7.11/01.10.11 |
| 76-77 | എൽ എഫ് ഇ3-2829/78/13.03.79 |
| 84--85 | എൽ എഫ് ടി. 10-1790/96/07.12.96 |
| 88-89,89-90 | എൽ എഫ് ടി 10-642/94/20.03.96 |
| 90-91 | എൽ എഫ് ടി10-1658/94/05.06.94 |
| 91-92 | എൽ എഫ് ടി10-963/93/06.06.94 |
| 92-93,93-94 | എൽ എഫ് ടി10-233/95/11.12.95 |
| 94-95,95-96 | എൽ എഫ് ടി10-245/2000/ 05.08 2000 |
| 96-97 (ചെലവ്) | എൽ എഫ് ടി5-5/98/02.01.99 |
| 97-98 (ചെലവ്) | എൽ എഫ് ടി10/1445/98/ 13.01.99 |
| 98-99 (ചെലവ്) | എൽ എഫ് ടി 10-762/01/ 27.08.01 |
| 99-00 (ചെലവ്) | എൽ എഫ് ടി 10-923/03/ 03.09.03 |
| 2000-01,2001-02 (ജനകീയാസൂത്രണം) | എൽ എഫ് ടി10-6543/03/ 05.05.04 |
| 96-97 (ചെലവ്) | എൽ എഫ് ടി.10-169/08/01.01.09 |
| 97-98 (ചെലവ്) | എൽ എഫ് ടി10-170/08/01.01.09 |
| 98-99 (ചെലവ്) | എൽ എഫ് ടി10-171/08/01.01.09 |

| | |
|---|---|
| 2000-01 | എൽ എഫ് ടി10-173/08/01.01.09 |
| 2001-2002 | എൽ എഫ് ടി 10-174/08/04.05.09 |
| 2002-03 | എൽ എഫ് ടി10-1050/08/31.08.09 |
| 2003-04 | എൽ എഫ് ടി10-1051/08/31.08.09 |
| 2004-05 | എൽ എഫ് ടി10-245/09/14.06.10 |
| 2005-06 | എൽ എഫ് ടി10-1372/09/06.08.10 |
| 2006-07 | എൽ എഫ് ടി10- 1373/11.08.10/13.10.11 |
| 2007-08 | എൽ എഫ് ടി (പി. 2)164/ 12/05.06.12 |
| 2008-09 | എൽ.എഫ്.ടി.(പി.2) 165/12/ 05.06.12 |
| 2009-10 | എൽ എഫ് ടി (പി 2)166/ 12/ 05.06.12/05.07.12 |
| 2010-11 | എൽ എഫ് ടി (പി.2) 2237/12/ 14.2.13/09.05.13 |
| 2011-12 | എൽ എഫ് ടി(പി.6) 1975/13/ 17.08.14/09.07.14 |
| 2012-13 | എൽ എഫ് ടി (പി.9)1450/14/ 12.01.15/ 6.05.15 |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ.(പി9)941/15 20.10.2015/ 04.11.2015 |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ.പി5- 995/2016 തീ.27.06.2016/28.7.16 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ.പി5- 1935/2016 തീ.8.11.2016/26.12.16 |

ഡെപ്യൂട്ടി ഡയറക്ടർ
സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ കാര്യാലയം, തൃശ്ശൂർ

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ-ടി.എസ്.ആർ.(പി5)1389/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തൃശ്ശൂർ -680020

ഫോൺ 0487 2331249

email: dotsr.ksad@keralagov.in

തീയതി: 04.10.2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിങ്ങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ പാവറട്ടി ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പാവറട്ടി ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

No.KSA -TSR(P5)1389/17

Kerala State Audit Department.

District Audit Office,

Thrissur – 680020

Ph: 0487 2331249

email: dotsr.ksad@keralagov.in

Dated: 04.10.2017

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Pavaratty Grama Panchayat in Thrissur District for the year ended on 31.3.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the Rules made thereunder and the guidelines issued by the Comptroller & Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the financial Statements of Pavaratty Grama Panchayat for the year 2016-17, except the observations in my Audit Report properly presents the picture of income and expenditure.

Deputy Director,

District Audit Office
Thrissur